# അടിസ്ഥാനപാഠാവലി
## ക്ലാസ് 9

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2011

## മൂല്യനിർണയ ചോദ്യങ്ങൾ
## യൂണിറ്റ് 2

1.
- "രണ്ടുവയറുകൾ നിറയ്ക്കാൻ ഞാൻ പെടാപാടുപെടുമ്പോഴാ നിന്റെയൊരു പുസ്തകവും ഉടുപ്പും."
- "നീയേ! വഴിമറിയേടെ മോനാ... അപ്പനില്ലാത്ത കൊച്ചാ."
- "എന്റെ കയ്യിൽ അഞ്ചാറുരൂപ ഒന്നിച്ചു കിട്ടിയിരുന്നെങ്കിൽ ഞാനൊരു അലൂമിനിയം കലം വാങ്ങിച്ചേനെ."
- "പിന്നെ ആ പാത്രത്തിലും അരിയിലും മാറിമാറി നോക്കി പൊട്ടിപ്പൊട്ടിക്കരഞ്ഞു. വിയർത്തൊലിച്ചുനിന്ന അവനെ കെട്ടിപ്പിടിച്ച് പിന്നെയും കരഞ്ഞു."

– മാതൃത്വത്തിന്റെ തേങ്ങലും ധർമസങ്കടങ്ങളും ഈ കഥയിൽ ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണെന്ന് വിശദീകരിക്കുക. *(സ്കോർ 4)*

2. തന്റെ മോഹത്തെക്കാൾ അമ്മയുടെ ആവശ്യത്തെ നിറവേറ്റുകയാണ് കൊച്ചുമോഹങ്ങളിലെ മാത്തുക്കുട്ടി. പണം വിനിയോഗിക്കുന്ന കാര്യത്തിൽ മാത്തുക്കുട്ടി നമുക്ക് മാതൃകയാകുന്നുണ്ടോ? വിലയിരുത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

3. കൊച്ചുകൊച്ചു മോഹങ്ങളിലെ മാത്തുക്കുട്ടി എന്ന കഥാപാത്രം ഈ സമൂഹത്തിനുനേരെ ഉയർന്നുവരുന്ന ഒരു ചോദ്യവും ഒപ്പം ഉത്തരവുമാണ്. പ്രസ്താവനയെ വിശകലനം ചെയ്ത് മാത്തുക്കുട്ടി എന്ന കഥാപാത്രത്തിന് ഒരു നിരൂപണം തയാറാക്കുക. *(സ്കോർ 6)*

4. ചുവടെ തന്നിരിക്കുന്ന ഭാഗത്തിലെ ഭാഷാപരമായ അഭംഗികൾ പരിഹരിച്ച് മെച്ചപ്പെടുത്തി എഴുതുക.

കടബാധ്യതകൊണ്ട് മറ്റ് ഗത്യന്തരമില്ലാതെ വരുമ്പോഴാണ് പലകർഷകരും സ്വയം ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചുപോകുന്നത്. ഈ ദയനീയമായ അവസ്ഥയിൽ യാതന അനുഭവിക്കുന്ന ഓരോ കർഷകരെയും രക്ഷിക്കാനുള്ള ചുമതല സമൂഹത്തിനുണ്ട്.

*(സ്കോർ 2)*

5. 'ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു.' **- എം.എൻ. വിജയൻ**

– ആദർശപൂർണവും ലളിതവുമായ ജീവിതത്തിനുവേണ്ടി നിങ്ങൾക്കെന്തൊക്കെ നിർദേശങ്ങളാണ് നൽകാനുള്ളത്. കണ്ടെത്തി കുറിക്കുക. *(സ്കോർ 4)*

6. ഫോക്സ്, ക്ലിന്റണച്ചായൻ, അമേരിക്കൻ ചാറ്റൽമഴ എന്നീ പ്രയോഗങ്ങൾ പുതിയകാലത്തെ മനുഷ്യന്റെ സാംസ്കാരികച്യുതിയെയും പൊങ്ങച്ചത്തെയും അവതരിപ്പിക്കാൻ പര്യാപ്തമാണോ? വീഡിയോ മരണം എന്ന കവിതയിലെ ഇത്തരം പദപ്രയോഗങ്ങളെ വിലയിരുത്തി കുറിപ്പെഴുതുക. *(സ്കോർ 4)*

7. പൊങ്ങച്ചം, മനുഷ്യന്റെ വ്യക്തിത്വവും സംസ്കാരവുംതന്നെ ഇല്ലാതാക്കുന്നു. വീഡിയോ മരണത്തിലെ അമേരിക്കൻ ചേട്ടന്റെ പെരുമാറ്റത്തെ വിലയിരുത്തി കുറിപ്പുതയാറാക്കുക.

*(സ്കോർ 4)*

8. ഇല്ലാത്ത ഗുണങ്ങൾ പെരുപ്പിച്ച് പറഞ്ഞ് പല പരസ്യങ്ങളും നിത്യേന പൊതുജനങ്ങളെ പറ്റിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. ഉപഭോക്താക്കളെ ആകർഷിക്കാൻ എന്തുനുണയും പറയാമെന്ന പരസ്യങ്ങളുടെയും കച്ചവടക്കാരുടെയും നിലപാടിനെ വിമർശിക്കുന്ന ഒരു എഡിറ്റോറിയൽ തയാറാക്കുക.

*(സ്കോർ 6)*

9. **ലളിതം**

ഇവിടെയുണ്ടുഞാനെന്നറിയിക്കുവാൻ
മധുരമായൊരു കൂവൽ മാത്രം മതി

ഇവിടെയുണ്ടായിരുന്നു ഞാനെന്നതി-
നൊരു വെറും തൂവൽ താഴെയിട്ടാൽ മതി

ഇനിയുണ്ടാകുമെന്നതിൻ സാക്ഷിയായ്
അടയിരുന്നതിൻ ചൂടുമാത്രം മതി

ഇതിലുമേറെ ലളിതമായെങ്ങനെ
കിളികളാവിഷ്കരിക്കുന്ന ജീവനെ.

**- പി.പി. രാമചന്ദ്രൻ**

- ഉള്ളടക്കം, അവതരണരീതി എന്നിവയെ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

*(സ്കോർ 6)*

10. "തൊഴിൽ ഏതായാലും നാലു ചക്രം ഉണ്ടാക്കണം."

"എനിക്ക് ജനങ്ങളെ സേവിക്കണം ഗുരുജീ"

"എനിക്കൊരു ചട്ടമ്പിയാകണം ഗുരുജീ"

- 'ഗുരുകുല'ത്തിലെ മൂന്ന് ശിഷ്യന്മാരുടെയും ആഗ്രഹങ്ങളിൽ നിന്നും വെളിപ്പെടുന്ന അപകടകരമായ മാനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ 4)*

11.
- മഹർഷി മഹേഷ്പ്രസാദ്ജി ഒരു നിമിഷം കണ്ണടച്ചിരുന്നു.
- ആ കറുത്ത കസേരയിൽ ഇരുന്ന് അയാൾ കഠിനമായി ഗവേഷണം നടത്തി.
- ഒരുപക്ഷേ, ഭാവിയിൽ എനിക്ക് നിങ്ങളുടെ ആവശ്യം വന്നേക്കാം. ഇവിടത്തെ വിസിറ്റിംഗ് ഫാക്കൽട്ടിയിലേയ്ക്ക്.

- ഗുരുകുലം എന്ന കഥയിലെ ഇതുപോലുള്ള പരാമർശങ്ങളിലൂടെ തെളിയുന്ന സാമൂഹ്യ വിമർശനങ്ങൾ കണ്ടെത്തി ഒരു നിരൂപണം തയാറാക്കുക.

*(സ്കോർ 6)*

12. 'ഒന്നുമില്ലെങ്കിലും പേടിക്കാതെ സത്യംപറയാനെങ്കിലും അവർ ഇവിടന്ന് പഠിച്ചുവല്ലോ.'

- ഈ വരികളിൽ പരിഹാസത്തോടൊപ്പം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്തൊക്കെയായിരിക്കണം എന്ന സൂചനയും ഉൾച്ചേർന്നിരിക്കുന്നില്ലേ? വിശകലനം ചെയ്ത് കുറിപ്പെഴുതുക. *(സ്കോർ 4)*

13. "നിങ്ങളുടെ മോഹങ്ങൾ നിങ്ങൾ പറഞ്ഞു. അതിൽ നിന്ന് നിങ്ങൾ പിന്മാറില്ലെന്ന് എനിക്കുറപ്പാണ്. ആ നിലയ്ക്ക് നിങ്ങളെ അനുഗ്രഹിച്ചയ്ക്കുകമാത്രമാണല്ലോ എന്റെ കർമം"
**-ഗുരുകുലം**

- 'തെളിച്ച വഴിയേ പോയില്ലെങ്കിൽ പോയവഴിയെ തെളിക്കുക' എന്ന ഗുരുവിന്റെ ഈ സമീപനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർത്ഥിക്കുക. *(സ്കോർ 4)*

14. വിദ്യാഭ്യാസം നല്ല സമൂഹസൃഷ്ടിക്ക് ഉതകുന്നതായിരിക്കണം. ഈ കാഴ്ചപ്പാടിൻരെ വെളിച്ചത്തിൽ ഗുരുകുലം എന്ന കഥയുടെ പ്രമേയം വിശകലനം ചെയ്യുക. *(സ്കോർ 6)*

15. 'അമേരിക്കയിൽ ചാറ്റൽ മഴയായതുകൊണ്ട് അമ്മയുടെ അന്ത്യനിമിഷത്തിൽ അടുത്തെത്താൻ കഴിയാത്ത മകൻ.' 'അമ്മയുടെ ആഗ്രഹം സാക്ഷാത്കരിക്കുന്ന മാത്തുക്കുട്ടി.'

- മനുഷ്യബന്ധങ്ങളിലെ ഈ വ്യത്യസ്തതകൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

16.
- 'ഞെട്ടില്ലാ വട്ടയില'
- 'മുറ്റത്തെ ചെപ്പിനടപ്പില്ല'

- ഈ രണ്ടുചൊല്ലുകൾ ഗുരുകുലം എന്ന കഥയിൽ സൃഷ്ടിക്കുന്ന പരിഹാസത്തിന്റെ പൊരുൾ കണ്ടെത്തുക. *(സ്കോർ 4)*

***

## യൂണിറ്റ് 3
## മനസ്സും ശരീരവും

1. • പുളകംപോൽ കുന്നിൻ പുറത്തുവീണ
പുതുമൂടൽമഞ്ഞലപുൽകിനീക്കി
പുലരൊളിമാമലശ്രേണികൾതൻ
പുറകിലായ്‌വന്നുനിന്നെത്തിനോക്കി. **- രമണൻ**

• കടലിന്നപസ്മാരം;
കാറ്റിന്നോ നിത്യം കാസം;

കുരച്ചു തുപ്പുന്നെങ്ങും
ക്ഷയരോഗിയാം മേഘം. **- രോഗി**

- രണ്ട് കവിതകളിലെയും പ്രകൃതിവർണ്ണനയിലെ വ്യത്യാസം കണ്ടെത്തി കുറിപ്പുതയാറാക്കുക. *(സ്കോർ 6)*

2. 'സാത്വികരായിട്ടുള്ള മനുഷ്യരെപ്പോലും തമ്മിലടിപ്പിച്ച് നശിപ്പിക്കുന്ന മദ്യവും മയക്കുമരുന്നും പോലുള്ള ലഹരി പദാർത്ഥങ്ങൾ നമ്മുടെ ചുറ്റുപാടും സുലഭമായി ലഭിക്കുന്നു.'

- കുടുംബ-സാമൂഹികബന്ധങ്ങളുടെ ശിഥിലീകരണത്തിന് കാരണമാകുന്ന സാമൂഹ്യസാഹചര്യങ്ങൾ പരിശോധിച്ച് ഉപന്യാസം തയാറാക്കുക. *(സ്കോർ 6)*

3. "ഹൃദ്രോഗിയായി അവരോധിക്കപ്പെട്ട സ്ഥിതിയ്ക്ക് ഇനി ഏറെ വർത്തമാനം പറയുന്നത് ശരിയല്ലല്ലോ.'

ഈ പ്രസ്താവനയിലെ നർമ്മം വിശകലനം ചെയ്യുക? *(സ്കോർ 2)*

4. ' അവൾ ചിരിച്ചു ആ ചിരിയുടെ മണിയൊച്ചയാണ് എന്നിൽ ചെറുപ്പത്തിന്റെ ചന്തം വിടാതെ നിലനിർത്തുന്നതെന്ന് അവളറിയില്ലല്ലോ?

- ചെറുപ്പം നിലനിർത്താനുള്ള സൂത്രം

- കഥാകൃത്തിന്റെ കുടുംബജിവിതത്തിലെ എന്തൊക്കെ സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. *(സ്കോർ-4)*

5. ലഹരിവസ്തുക്കളുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. അവ സൃഷ്ടിക്കുന്ന വിപത്തിനെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനാവശ്യമായ ഒരു ലഘുലേഖ തയ്യാറാക്കുക.( സ്നേഹപൂർവ്വം 'അമ്മ' യിലെ ആശയവും പരിഗണിക്കണം) *(സ്കോർ 6)*

6. മോനേ, നിവർന്ന നട്ടെല്ലോടെ, ഉയർന്ന ശിരസ്സോടെ, തെളിഞ്ഞ ബുദ്ധിയോടെ, ശുദ്ധനായി, അഭിമാനിയായി, വളർന്നുവരാൻ എന്റെ കുഞ്ഞിനു കഴിയുമാറാകട്ടെ. അതുകാണാനുള്ള ഭാഗ്യം നിന്റെ അമ്മയക്കും നിന്നെപ്പെറ്റ നാടിനും ഉണ്ടാകട്ടെ എന്നു മാത്രം എന്റെ പ്രാർത്ഥന. **-സ്നേഹപൂർവ്വം അമ്മ.**

- ഒരമ്മയുടെ സ്നേഹവും വാത്സല്യവും വഴിഞ്ഞൊഴുകുന്ന ലേഖനമാണ് സുഗതകുമാരിയുടെ ' സ്നേഹപൂർവ്വം അമ്മ' വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക? *(സ്കോർ 6)*

7. 'അകപ്പെട്ടുപോയ് ഞാനീ -
ബ്ഭീകരാശുപത്രിയിൽ;

അറിവേൻ ഞാനിന്നതിൽ -
ജ്ജീവിത മഹാരോഗി.' **- രോഗി**

- അടിവരയിട്ട പ്രയോഗങ്ങളിലൂടെ സമകാലിക ജീവിതത്തിന്റെ എന്തെല്ലാം ദുരന്തങ്ങളാണ് കവി ആവിഷ്ക്കരിച്ചിട്ടുള്ളത് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക? *(സ്കോർ 2)*

8. ചാട്ടം തുടങ്ങിനാരോട്ടം തുടങ്ങിനാർ
പാട്ടും തുടങ്ങിനാർ പാരമപ്പോൾ.
വാശിപൂണ്ടൊന്നൊന്നേ പേശിത്തുടങ്ങിനാർ
കൂശാതെ വന്നു നിന്നങ്ങുമിങ്ങും'

- ഈ വരികൾ വിശകലനം ചെയ്ത് ഭാഷാപരമായ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ കണ്ടെത്തി എഴുതുക? *(സ്കോർ 2)*

9.
- 'പുകയായും പാനീയമായും കുത്തിവയ്ക്കലായുമൊക്കെ ആ വിഷം ഉള്ളിൽ കടന്നു തുടങ്ങിയാൽ പിന്നെ ഭ്രാന്താണ്' **- സുഗതകുമാരി**
- 'ശാന്തരായുള്ളവർ മാനസമന്നേരം
ഭ്രാന്തരെപ്പോലെയങ്ങായിക്കുടി' **- ചെറുശ്ശേരി**
- 'സാമൂഹികതിന്മകൾക്കെതിരെ തൂലികചലിപ്പിച്ചവരാണ് എക്കാലത്തേയും എഴുത്തുകാർ'

- സ്നേഹപൂർവ്വം അമ്മ, യാദവനാശം എന്നീ പാഠഭാഗങ്ങളെ ആസ്പദമാക്കി ഈ നിരീക്ഷണത്തിന്റെ സാധ്യത പരിശോധിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക? *(സ്കോർ 6)*

10. 'ചേതനവേർപെട്ടു പോകുന്ന നേരത്തു
വേദനയുണ്ടായീതില്ലയാർക്കും' **- യാദവനാശം**

- ഈ വരികളിലെ പരിഹാസത്തിന്റെ തീക്ഷ്ണത ഒന്നോ രണ്ടോ വാക്യങ്ങളിൽ അവതരിപ്പിക്കുക? *(സ്കോർ 2)*

11. 'കാർഡിയോളജി ഡിപ്പാർട്ടുമെന്റിൽ ഒരു പേഷ്യന്റായി എനിക്കൊരു കാർഡ് ലഭിച്ചു ഹൃദ്രോഗിയുടെ മഹനീയ പദവി അലങ്കരിക്കുന്ന രോഗികളുടെ കൂട്ടത്തിൽ അംഗമായി **- യു.എ.ഖാദർ**

- വേദനാജനകമായ അനുഭവത്തെപ്പോലും നർമ്മരസത്തോടെ അവതരിപ്പിക്കുന്നതിൽ കഥാകൃത്തിന്റെ ശൈലി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക? *(സ്കോർ 4)*

12. ഉറയിൽ കിടന്ന കൊടുവാൾ കാലിലെടുത്തിട്ടു മുറിവു പറ്റിയെന്നും ചോരയൊലിച്ചെന്നും പറയുന്നതു ഭോഷ്കാണല്ലോ;

- കഥാകൃത്തിനുണ്ടായ ആശുപത്രിയനുഭവത്തെ ഇങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നതിന്റെ പൊരുൾ വ്യക്തമാക്കുക.? *(സ്കോർ 2)*

13. “തടിച്ചു ഡുംഡുവായി വിമാനത്തിൽ തിരിച്ചിങ്ങോട്ടുവന്നാൽ എനിക്കാളുമാറിപ്പോ കരുതേ”

– അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന അർത്ഥവിശേഷം കണ്ടെത്തി എഴുതുക? *(സ്കോർ 2)*

14. “ഇ.സി.ജി.യുടെ കടലാസുനാടയിൽ രേഖപ്പെടുത്തപ്പെടുന്ന വരകളിൽ ‘കുഴപ്പത്തിന്റെ വിത്തുകൾ.”

– കഥാകൃത്തിന് ഉണ്ടാകുന്ന അനുഭവങ്ങളുമായി ബന്ധിപ്പിച്ച് ‘കുഴപ്പത്തിന്റെ വിത്തുകൾ’ എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക? *(സ്കോർ 3)*

15. ‘തിരിച്ചുപോരുമ്പോൾ അരവണപ്പായസം ആവുന്നത്ര സേവിക്കുക എന്നു പറഞ്ഞ് താനൊരു ഫലിതപ്രിയൻ കൂടിയാണെന്ന് ഡോക്ടർ സാർ വിളംബരപ്പെടുത്തി.’

– എഴുത്തുകാരന്റെ ഫലിതപ്രിയത്വമാണ് ‘ ചെറുപ്പം നിലനിർത്തുന്ന സൂത്രം ’ എന്ന കഥാ ലേഖനത്തെ ഹൃദ്യമായ ഒരനുഭവമാക്കുന്നത്. നിങ്ങളുടെ അഭിപ്രായം യുക്തിപൂർവ്വം സമർത്ഥി ക്കുക? *(സ്കോർ 4)*

***